# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7763, 23. 07. 2012_ ലെ മറുപടിക്ക്

## പേ റിവിഷൻ റീ ഓപ്ഷൻ നൽകൽ

**ചോദ്യം** | **ഉത്തരം**

ശ്രീ..വി.ഡി. സതീശൻ

ശ്രീ. കെ. എം. മാണി
ബഹു.ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | 2004-ലെ പേ റിവിഷൻ റീഓപ്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് 05.01.2012 ലെ ജി.ഒ.(പി) 8/12/ഫിൻ. ഉത്തരവിൽ 3-ാം ഖണ്ഡികയിൽ 2 ക്ളാസ് ആയി പറഞ്ഞിട്ടുള്ള (cases involving retrospective change in pre revision pay consequent on audit scrutiny/objection or any other reason with reference to which pay in the revised scale was fixed) ഇതിൽ or any other reason എന്ന് തുടങ്ങുന്നതുമുതലുള്ള ഭാഗം ഉദ്ദേശിക്കുന്നത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) 2004 ലെ പേ റിവിഷന് റീഓപ്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് 5. 01. 2012 ലെ ജി.ഒ. പി) 8/2012/ധന നമ്പർ ഉത്തരവിൽ 'or any other reason with reference to which pay in the revised scale was fixed' എന്നതുകൊണ്ട്, പരിഷ്ക്കരിച്ചസ്കെയിലിൽ ശമ്പളം നിർണ്ണയിച്ചതുവഴി ഓഡിറ്റ് തടസ്സവാദത്തിലേക്ക് നയിക്കാവുന്ന മറ്റെന്തെങ്കിലുംകാരണത്താലുള്ളശമ്പളത്തിലെ കുറവ് എന്നതാണ് ഉദ്ദേശ്യം. |
| (ബി) | G.O.(P) 8/12/Fin. dated 05.01.2012 പ്രകാരം ഓപ്ഷൻ നൽകിയത് സംബന്ധിച്ച് വന്ന തെറ്റുകളിൽ എ.ജി.യോ മറ്റ് പരിശോധകരോ ഓഡിറ്റ് ഒബ്ജക്ഷനോ സ്ക്രൂട്ടിനിയോ പ്രകാരം കണ്ടുപിടിച്ചിട്ടില്ലാ എന്നുണ്ടെങ്കിൽ 2004- ലെ പേ റിവിഷൻ ഓപ്ഷനിൽ വന്ന തെറ്റുകൾ എങ്ങനെ പരിഹരിക്കുമെന്ന് വിശദമാക്കുമോ ; | (ബി) 2004 ശമ്പള പരിഷ്ക്കരണത്തിന് ഓപ്ഷൻ നൽകിയതിൽ വന്ന തെറ്റുകൾ എ.ജി.യോ മറ്റ് പരിശോധകരോ ഓഡിറ്റ് ഒബ്ജക്ഷനോ സ്ക്രൂട്ടിനിയോ പ്രകാരം കണ്ടുപിടിച്ചിട്ടില്ലാ എന്നുണ്ടെങ്കിലും ഓഡിറ്റ് ഒബ്ജക്ഷനിലേക്ക് നയിക്കാവുന്ന തെറ്റുകളാണെങ്കിൽ 5. 01. 2012 ലെ G.O.(P) 8/12/Fin ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയപരിധിക്കുള്ളിൽ വെളിവാകുകയാണെങ്കിൽ ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പരിഹരിക്കാവുന്നതാണ്. ടി സർക്കാർ ഉത്തരവിലെ സമയപരിധികഴിഞ്ഞിട്ടാണ് വെളിവാകുന്നതെങ്കിൽ അപ്രകാരമുള്ള തെറ്റുകൾ 25. 03. 2006 ലെ ജി.ഒ.(പി.) നമ്പർ 145/2006/Fin ഉത്തരവിലെ അനക്സർ 2 ൽ പ്രതിപാദിച്ചിട്ടുള്ള നിയമങ്ങൾക്ക് വിധേയമായി മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ. |

| | | |
|---|---|---|
| (സി) | G.O.(P) 8/12/Fin. പ്രകാരം റീ ഓപ്ഷൻ നൽകാൻ സാധിക്കാതെ വരികയും ജൂനിയറിനേക്കാൾ കുറവ് ശമ്പളം വാങ്ങുകയും ചെയ്യുന്നവരുടെ അനോമലികൾ എങ്ങനെ പരിഹരിക്കും എന്ന് വിശദമാക്കുമോ? | (സി) 5.01.2012 ലെ G.O.(P) 8/12/Fin.ഉത്തരവു പ്രകാരം റീ ഓപ്ഷൻ നൽകാൻ സാധിക്കാതെ വരികയും ജൂനിയറിനേക്കാൾ കുറവ് ശമ്പളം വാങ്ങുകയും ചെയ്യുന്നവരുടെ 'അനോമലികൾ ജൂനിയർ സീനിയർ അനോമലി റെക്ടിഫിക്കേഷൻ' വഴി പരിഹരിച്ചു നല്കുവാൻ കഴിയുന്നതാണെങ്കിൽ അപ്രകാരം അനുവദിച്ചു നല്കുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ